അക്കൗണ്ട്സ് ആന്റ് ഡിസ്പ്ലേ ഓഫ് പ്രൈസസ് ആന്റ് സ്റ്റോക്സ്) ഓർഡർ എന്നിവ പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും ഭക്ഷണസാധനങ്ങളുടെ വില പ്രദർശിപ്പിക്കണം എന്ന നിർദ്ദേശം പാലിക്കാത്ത ഹോട്ടൽ ഉടമകൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ജില്ലാ/സംസ്ഥാന തലങ്ങളിൽ സമിതികൾ രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത കച്ചവടസ്ഥാപനങ്ങൾക്കെതിരെ ജില്ലാ കളക്ടർ നോട്ടീസ് നൽകുകയും നിയമപരമായ നടപടി സ്വീകരിച്ച് പിഴ ഈടാക്കുകയും ചെയ്യുന്നു.

നെല്ല് സംഭരണത്തിലെ കുടിശ്ശിക

172 (5257) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ നെൽകൃഷിക്കാരിൽനിന്നും കഴിഞ്ഞ സീസണിൽ നെല്ല് സംഭരിച്ച വകയിൽ എത്ര തുക കൊടുത്ത് തീർക്കാനുണ്ട് എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത തുക അടിയന്തരമായി നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കൊട്ടാരക്കര താലൂക്കിൽ നിന്നും 2014-15 രണ്ടാം വിളയിൽ സംഭരിച്ച 129016 കി.ഗ്രാം. നെല്ലിന്റെ വിലയായ 24,51,304 രൂപ പൂർണ്ണമായും നൽകിക്കഴിഞ്ഞു.

(ബി) ബാധകമല്ല.

മാവേലി സ്റ്റോർ

173 (5258) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം അനുവദിച്ച സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) മാവേലി സ്റ്റോറുകളിൽ സബ്സിഡി സാധനങ്ങൾ ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സബ്സിഡി സാധനങ്ങൾ മാവേലി സ്റ്റോറുകളിൽ ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ഡി) മാവേലിക്കര മണ്ഡലത്തിൽ മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകൾ ഏതൊക്കെ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ആരംഭിച്ച 12 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ താഴെ വിവരിക്കുന്ന ഡിപ്പോകളുടെ കീഴിലുള്ള തീരദേശ/ മലയോര/ആദിവാസി പിന്നോക്ക പ്രദേശങ്ങളിലെ ജനങ്ങൾക്ക് അവശ്യവസ്തുക്കൾ വിൽപ്പന നടത്തിവരുന്നു.

1. മണ്ണാർക്കാട്
2. കൊച്ചി
3. മൂന്നാർ
4. മാനന്തവാടി
5. മൂവാറ്റുപുഴ
6. എറണാകുളം
7. പാലാ
8. സുൽത്താൻ ബത്തേരി
9. കാഞ്ഞിരപ്പള്ളി
10. കൊടുവള്ളി
11. കൽപ്പറ്റ
12. ചേർത്തല

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സപ്ലൈകോയുടെ എല്ലാ വിൽപ്പനശാലകളിലും അവശ്യസാധനങ്ങൾ പ്രത്യേകിച്ച് സബ്സിഡി ഉൽപ്പന്നങ്ങൾ ആവശ്യത്തിന് ലഭ്യമാക്കുന്നതിനുള്ള സ്റ്റോക്ക് എല്ലാ ഡിപ്പോകളിലും സൂക്ഷിക്കാറുണ്ട്. എന്നാൽ ചില അവസരങ്ങളിൽ വിൽപ്പനയിൽ അപ്രതീക്ഷിതമായി വർദ്ധനവ് ഉണ്ടാകുന്ന സാഹചര്യത്തിൽ എത്തിച്ചുകൊടുക്കുന്ന സ്റ്റോക്ക് അപര്യാപ്തമാകുകയും അങ്ങനെ സബ്സിഡി ഉൽപ്പന്നങ്ങൾ ചില സമയങ്ങളിൽ ലഭ്യമല്ലാതാകാറുമുണ്ട്. അതിനാൽ എല്ലാ മാവേലി സ്റ്റോറുകളിലും അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി താഴെപ്പറയുന്ന നടപടികൾ എടുത്തിട്ടുണ്ട്:

LIBRARY ARCHIVES Kerala Legislative Assembly

1. കൂടുതൽ നിത്യോപയോഗ സാധനങ്ങൾ ശേഖരിക്കുന്നതിനായി കുറഞ്ഞത് 500 ച.അടിയെങ്കിലും വിസ്തീർണ്ണമുള്ള സൗകര്യ പ്രദമായ കെട്ടിടങ്ങളിലാണ് പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നത്. സ്ഥലക്കുറവുള്ള മാവേലി സ്റ്റോറുകളിലും സൂപ്പർ മാർക്കറ്റുകളിലും കൂടുതൽ സ്ഥലസൗകര്യം ലഭ്യമാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകി നടപ്പിലാക്കിവരുന്നു.

2. സ്ഥലസൗകര്യം കുറഞ്ഞ വിൽപ്പനശാലകളിലേയ്ക്ക് കൂടുതൽ പ്രാവശ്യം സാധനങ്ങളെത്തിച്ചുകൊടുക്കുന്നു.

3. മുൻമാസങ്ങളിലെ വിൽപ്പന, കഴിഞ്ഞ വർഷം ഇതേ മാസങ്ങളിലെ വിൽപ്പന, ഉൽസവസീസൺ മുതലായവ കണക്കിലെടുത്ത് എല്ലാ വിൽപ്പനശാലകളിലും ആവശ്യത്തിന് അവശ്യസാധനങ്ങൾ എത്തിച്ചുകൊടുക്കുവാൻ എല്ലാ ഡിപ്പോകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

4. കൂടാതെ എസ്.പി. തലത്തിലുള്ള ഉദ്യോഗസ്ഥൻ (വിജിലൻസ് ഓഫീസർ) മാവേലി സ്റ്റോറുകളിൽ മിന്നൽ പരിശോധന നടത്തി അവശ്യസാധനങ്ങൾ ആവശ്യാനുസരണമുണ്ടെന്ന് ഉറപ്പ് വരുത്താറുണ്ട്. പ്രത്യേകിച്ച് സബ്സിഡി സാധനങ്ങൾ സപ്ലൈകോ വിൽപ്പനശാലകളിലും ആവശ്യത്തിന് ലഭ്യമാക്കുവാനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

5. ആവശ്യമായ സമയങ്ങളിൽ ഒരു ഡിപ്പോയിൽനിന്നും മറ്റ് ഡിപ്പോകളിലേയ്ക്കും സാധനങ്ങൾ എത്തിച്ചുകൊടുക്കാനുള്ള നിർദ്ദേശം എല്ലാ മേഖലാ മാനേജർമാർക്കും നൽകിയിട്ടുണ്ട്.

(ഡി) നിലവിൽ മാവേലിക്കര മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്.

സപ്ലൈകോ വിതരണം ചെയ്യുന്ന അവശ്യസാധനങ്ങളുടെ സബ്സിഡി

174 (5259) ശ്രീ. പി. ഉബൈദുള്ള :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോവഴി സബ്സിഡി നൽകി വിതരണം ചെയ്യുന്ന അവശ്യ സാധനങ്ങളുടെ വില വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly